ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

**DATE: 03.05.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. വിവിധ മേഖലകളിലെ കരാറുകളിൽ ഒപ്പുവെച്ച് ഇന്ത്യയും അംഗോളയും ; ഭീകരവാദത്തിനെതിരെ ശക്തമായ നടപടി സ്വീകരിക്കാൻ ഇന്ത്യ പ്രതിജ്ഞാബദ്ധമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.

   **India and Angola today exchanged several agreements in various fields Prime Minister Modi stated that India is committed to take firm and decisive action against terrorists and those who support them.**

2. പാകിസ്ഥാനുമായുള്ള തപാൽ സേവനങ്ങൾ നിർത്തിവച്ച് ഇന്ത്യ; പാക് കപ്പലുകൾക്ക് ഇന്ത്യൻ തുറമുഖങ്ങളിൽ പ്രവേശനം നിരോധിച്ചു; പാകിസ്ഥാനിൽ നിന്നുള്ള ഇറക്കുമതിക്കും നിരോധനം.

   **India suspends postal services with Pakistan; bans entry of Pakistani ships into Indian ports; bans imports from Pakistan**

3. നീതി നടപ്പാക്കുന്നതിൽ മധ്യസ്ഥതയ്ക്ക് വലിയ പ്രാധാന്യമുണ്ടെന്ന് രാഷ്ട്രപതി ദ്രൗപദി മുർമ്മു; ദേശീയ മധ്യസ്ഥത സമ്മേളനത്തിന് ന്യൂഡൽഹിയിൽ തുടക്കം.

   **President Droupadi Murmu today highlighted that mediation is an essential part of the delivery of justice.**

4. കോഴിക്കോട് മെഡിക്കൽ കോളേജ് അത്യാഹിത വിഭാഗത്തിലെ തീപിടിത്തത്തിന്റെ കാരണം സാങ്കേതിക പരിശോധനയ്ക്ക് ശേഷമേ വ്യക്തമാകൂ എന്ന് മന്ത്രി വീണാജോർജ്ജ്.

Kerala health Minister Veena George said that the cause of the fire at the Kozhikode Medical College Emergency Department will be clear only after a technical inspection.

5. അഖിലേന്ത്യാ മെഡിക്കൽ പ്രവേശനത്തിനായുള്ള ഈ വർഷത്തെ NEET-UG പരീക്ഷ നാളെ.

   This year's NEET-UG exam for All India Medical Entrance is tomorrow.

6. ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു-ചെന്നൈ സൂപ്പർ കിംഗ്സ് പോരാട്ടം.

   Royal Challengers Bangalore vs Chennai Super Kings match today in IPL cricket.

&&&&&&&&&&&&&&&&&&

NEW PM MODI-ANGOLA PREZ VISIT (INTRO)

കൃഷി, പരമ്പരാഗത വൈദ്യശാസ്ത്രം, സംസ്കാരം തുടങ്ങി വിവിധ മേഖലകളിൽ കരാറുകൾ കൈമാറി ഇന്ത്യയും അംഗോളയും. പ്രധാനമന്ത്രി നരേന്ദ്ര മോദിയും അംഗോള പ്രസിഡന്റ് ജോവോ മാനുവേൽ ഗോൺസാൽവസ് ലോറെൻസോയും തമ്മിലാണ് ന്യൂഡൽഹിയിൽ കരാർ കൈമാറിയത്. ഭീകരവാദത്തിനെതിരെയും അതിനെ പിന്തുണയ്ക്കുന്നവർക്കെതിരെയും ശക്തമായ നടപടി സ്വീകരിക്കാൻ ഇന്ത്യ പ്രതിജ്ഞാബദ്ധമാണെന്ന് സംയുക്ത പത്രസമ്മേളനത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. അതിർത്തികടന്നുള്ള ഭീകരതയ്ക്കെതിരായ ഇന്ത്യൻ പ്രവർത്തനങ്ങളെ പിന്തുണയ്ക്കുന്നതിന് അദ്ദേഹം അംഗോളയോട് നന്ദി അറിയിച്ചു. അംഗോളയുടെ സേനയെ നവീകരിക്കുന്നതിന് 20 കോടി ഡോളറിന്റെ സാമ്പത്തിക സഹായം വാഗ്ദാനം ചെയ്ത പ്രധാനമന്ത്രി, അംഗോളയുടെ സേനയെ പരിശീലിപ്പിക്കുന്നതിൽ ഇന്ത്യൻ സൈന്യത്തിന് സന്തോഷമുണ്ടെന്നും പത്രസമ്മേളനത്തിൽ വ്യക്തമാക്കി.

(ഹോൾഡ് വോയ്സ്.........)

നാളെ, ഇരു രാജ്യങ്ങളും തമ്മിലുള്ള നിക്ഷേപവും വാണിജ്യ ബന്ധങ്ങളും പ്രോത്സാഹിപ്പിക്കുന്നത് ലക്ഷ്യമിട്ടുള്ള വ്യവസായ പരിപാടിയിൽ അംഗോളാ പ്രസിഡന്റ് ലോറെൻസോ പങ്കെടുക്കും.

&&&&&&&&&&&&&&&&&&

## COMMUNICATION-PAKISTAN

പഹൽഗാം ഭീകരാക്രമണത്തിന്റെ പശ്ചാത്തലത്തിൽ പാകിസ്താനുമായുള്ള തപാൽ സേവനങ്ങൾ താൽക്കാലികമായി നിർത്തിവച്ച് ഇന്ത്യ. പാകിസ്താനുമായി വ്യോമമാർഗമോ കരമാർഗമോ ഇനി ഒരറിയിപ്പുണ്ടാകും വരെ പോസ്റ്റൽ, പാഴ്സൽ സർവീസുകൾ ഉണ്ടാവില്ല. കേന്ദ്ര വാർത്താവിനിമയ മന്ത്രാലയമാണ് ഇതുമായി ബന്ധപ്പെട്ട ഉത്തരവിറക്കിയത്. ഇതോടൊപ്പം പാകിസ്ഥാൻ കപ്പലുകൾക്ക് ഇന്ത്യൻ തുറമുഖങ്ങളിക്കുള്ള പ്രവേശനവും ഇന്ത്യ നിരോധിച്ചു. ഇന്ത്യൻ കപ്പലുകൾ പാക് തുറമുഖങ്ങൾ സന്ദർശിക്കുന്നതും വിലക്കിയിട്ടുണ്ട്. പാക് പതാക വഹിക്കുന്ന ഒരു കപ്പലും ഇന്ത്യൻ തുറമുഖങ്ങൾ സന്ദർശിക്കാൻ അനുവദിക്കില്ലെന്ന് ഷിപ്പിംഗ് ഡയറക്ടറേറ്റ് ജനറൽ പ്രസ്താവനയിൽ വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

## PAKISTAN IMPORT - BAN

പാകിസ്ഥാനിൽ നിന്നും നേരിട്ടോ അല്ലാതെയോ ഉള്ള ഇറക്കുമതി ഇന്ത്യ നിരോധിച്ചു. പാകിസ്ഥാനിൽ നിന്ന് കയറ്റുമതി ചെയ്യുന്ന എല്ലാ വസ്തുക്കളുടെയും നേരിട്ടോ അല്ലാതെയോ ഉള്ള ഇറക്കുമതിയോ ചരക്കുനീക്കമോ അടിയന്തിരമായി നിരോധിക്കുമെന്ന് ഡയറക്ടറേറ്റ് ജനറൽ ഓഫ് ഫോറിൻ ട്രേഡ് വിജ്ഞാപനത്തിൽ പറഞ്ഞു. ദേശീയ സുരക്ഷയുടെയും പൊതുനയത്തിന്റെയും താൽപ്പര്യങ്ങൾക്കനുസൃതമായാണ് ഈ നിയന്ത്രണം.

&&&&&&&&&&&&&&&&&&

## JK CM MEETS PM

പ്രധാനമന്ത്രി നരേന്ദ്രമോദിയും ജമ്മുകശ്മീർ മുഖ്യമന്ത്രി ഒമർ അബ്ദുള്ളയും ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. പഹൽഗാം ഭീകരാക്രമണത്തെ തുടർന്ന് ഇരു നേതാക്കളും തമ്മിലുള്ള ആദ്യ കൂടിക്കാഴ്ചയാണിത്. ജമ്മുകശ്മീരിലെ നിലവിലെ സ്ഥിതിഗതികൾ ചർച്ചചെയ്യാനാണ് കൂടിക്കാഴ്ചയെന്ന് അധികൃതർ അറിയിച്ചു.

&&&&&&&&&&&&&&&&&&

**PRESIDENT-MEDIATION EARLY (INTRO)**

നീതി നടപ്പാക്കുന്നതിൽ മധ്യസ്ഥതയ്ക് വലിയ പ്രധാന്യമുണ്ടെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. മധ്യസ്ഥതയുടെ സ്വാധീനവും ഫലപ്രാപ്തിയും എന്ന പ്രമേയത്തിൽ ന്യൂഡൽഹിയിൽ ദേശീയ മധ്യസ്ഥത സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു രാഷ്ട്രപതി. പരിഗണന അർഹിക്കുന്ന പ്രത്യേക കേസുകൾ ഉൾപ്പെടെ എല്ലാ കേസുകളിലും അതിവേഗ നീതി നിർവ്വഹണം നടത്താൻ മധ്യസ്ഥതയ്ക്ക് കഴിയുമെന്നും അവർ ചൂണ്ടിക്കാട്ടി. 2047-ഓടെ വികസിത ഇന്ത്യ എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനുള്ള പ്രധാന മാർഗ്ഗമാണ് മധ്യസ്ഥതയെന്നും രാഷ്ട്രപതി വ്യക്തമാക്കി.

(VOICE)

&&&&&&&&&&&&&&&&&&

**MOS DEFENCE-RUSSIA VISIT**

ഈ മാസം 9 ന് നടക്കുന്ന മോസ്കോ വിക്ടറി ഡേ പരേഡിൽ ഇന്ത്യയെ പ്രതിനിധീകരിച്ച് കേന്ദ്രസഹമന്ത്രി സഞ്ജയ് സേത്ത് പങ്കെടുക്കും. രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗിന് പകരമാണ് ശ്രീ സേത്ത് റഷ്യ സന്ദർശിക്കുന്നതെന്ന് പ്രതിരോധമന്ത്രാലയം അറിയിച്ചു.

&&&&&&&&&&&&&&&&&&

**NEET EXAM**

അഖിലേന്ത്യാ മെഡിക്കൽ പ്രവേശനത്തിനായുള്ള ഈ വർഷത്തെ NEET-UG പ്രവേശന പരീക്ഷ നാളെ നടക്കും. രാജ്യത്തെയും വിദേശത്തെയും വിവിധ കേന്ദ്രങ്ങളിലായി 23 ലക്ഷത്തോളം വിദ്യാർത്ഥികൾ പരീക്ഷ എഴുതും. നാളെ ഉച്ചയ്ക്ക് രണ്ട് മണി മുതൽ അഞ്ച് മണിവരെയാണ് പരീക്ഷ. ഇന്ത്യയിലെ 552 നഗരങ്ങളിൽ പരീക്ഷാ കേന്ദ്രങ്ങൾ സജ്ജീകരിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&&&

**VEENA GEORGE-KOZHIKODE**

കോഴിക്കോട് മെഡിക്കൽ കോളേജ് അത്യാഹിതവിഭാഗത്തിലുണ്ടായ തീപിടുത്തത്തിൽ പിഡബ്ല്യൂഡി ഇലക്ട്രിക്കൽ വിഭാഗം പ്രാഥമിക അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചതായി മന്ത്രി വീണാ ജോർജ്. MRI മെഷീന്റെ യുപിഎസാണ് പൊട്ടിത്തെറിച്ചത്. എന്നാൽ എന്താണ് അപകടകാരണമെന്നത് സാങ്കേതിക പരിശോധനയ്ക്ക് ശേഷമേ

മനസ്സിലാക്കാൻ സാധിക്കുകയുള്ളൂ എന്ന് മന്ത്രി പറഞ്ഞു. സാങ്കേതിക തകരാർ സംബന്ധിച്ച അന്വേഷണം പുരോഗമിക്കാകുന്നതായും മന്ത്രി വ്യക്തമാക്കി.

**&&&&&&&&&&&&&&&&&&**

**WAVES (INTRO)**

**മുംബൈയിൽ നടക്കുന്ന ലോക ദൃശ്യ ശ്രാവ്യ വിനോദ ഉച്ചകോടിയിൽ ഗൂഗിൾ, മെറ്റ, മൈക്രോസോഫ്റ്റ് ഉൾപ്പെടെ ഏഴ് ആഗോള സ്ഥാപനങ്ങൾ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ക്രിയേറ്റീവ് ടെക്നോളജി - IICT യുമായി ധാരണാപത്രത്തിൽ ഒപ്പുവയ്ച്ചു. 400 കോടി രൂപ ചിലവിൽ മുംബൈയിൽ IICT സ്ഥാപിക്കാൻ തീരുമാനമായി.**

**(ഹോൾഡ് വോയ്സ്.)**

**&&&&&&&&&&&&&&&&&&**

**WAVES (VOICE)**

*¬(മ്യൂസിക്)*

*മാധ്യമ, വിനോദ ലോകത്ത് ഇന്ത്യയ്ക്ക് ആഗോള നേതൃത്വം ഏറ്റെടുക്കാൻ കഴിയുമെന്ന് കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ മന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു. രാജ്യത്തുടനീളം കമ്മ്യൂണിറ്റി റേഡിയോകൾ നടത്തുന്ന പ്രവർത്തനങ്ങളെ വാർത്താ വിതരണ പ്രക്ഷേപണ സഹമന്ത്രി എൽ. മുരുകൻ അഭിനന്ദിച്ചു. എല്ലാ കമ്മ്യൂണിറ്റി റേഡിയോകളും എന്തെങ്കിലും ലക്ഷ്യത്തിനായി പ്രവർത്തിക്കുകയും പാരമ്പര്യത്തെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നുണ്ടെന്ന് വേവ്സ് ഉച്ചകോടിയിൽ കമ്മ്യൂണിറ്റി റേഡിയോ സമ്മേളനത്തിന്റെ ഉദ്ഘാടന ചടങ്ങിൽ അദ്ദേഹം പറഞ്ഞു. 10-ാമത് ദേശീയ കമ്മ്യൂണിറ്റി റേഡിയോ അവാർഡുകളും ശ്രീ മുരുകൻ സമ്മാനിച്ചു. WAVES ഉച്ചകോടിയിൽ Live Events Economy: A Strategic Growth Imperative എന്ന പേരിലുള്ള ഇന്ത്യയുടെ ധവളപത്രവും ഇന്ന് പുറത്തിറക്കി. ലൈവ് എന്റർടൈൻമെന്റ് വ്യവസായത്തിന്റെ വളർച്ചാ പാതകൾ,തന്ത്രപരമായ ശുപാർശകൾ എന്നിവയുടെ സമഗ്രമായ വിശകലനമാണ് ധവളപത്രത്തിലുള്ളത്.*

**(മ്യൂസിക്)**

**&&&&&&&&&&&&&&&&&&**

**MAHA-NETFLIX**

**ഇന്ത്യൻ വിപണിയിലൂടെ 200 കോടി ഡോളറിന്റെ സാമ്പത്തിക നേട്ടം കൈവരിച്ചതായി നെറ്റ്ഫ്ലിക്സ് CEO ടെഡ് സരൻഡോസ്. ചലചിത്ര മേഖലയിൽ 20,000 തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിച്ചതായും അദ്ദേഹം വേവ്സ് ഉച്ചകോടിയിൽ പറഞ്ഞു.**

**&&&&&&&&&&&&&&&&&&**

**THRISSUR POORAM**

**മെയ് ആറിന് നടക്കുന്ന തൃശ്ശൂർ പൂരത്തിന് മുന്നോടിയായിട്ടുള്ള സാംപിൾ വെടിക്കെട്ട് നാളെ രാത്രി 7ന് നടക്കും. ആദ്യം തിരുവമ്പാടിയും തുടർന്ന് പാറമേക്കാവും വെടിക്കെട്ട് വിസ്മയത്തിനു തിരികൊളുത്തും.**

**&&&&&&&&&&&&&&&&&&**

**OPERATION D-HUNT**

**കേരളത്തിൽ ഓപ്പറേഷൻ ഡി-ഹണ്ടിന്റെ ഭാഗമായി നടത്തിയ സ്പെഷ്യൽ ഡ്രൈവിൽ 114 കേസുകൾ കൂടി രജിസ്റ്റർ ചെയ്തു. നിരോധിത മയക്കുമരുന്ന് കൈവശം വച്ചതിന് 116 പേരെ അറസ്റ്റ് ചെയ്തു. 2,226 പേരെയാണ് ഇന്നലെ പരിശോധനയ്ക്ക് വിധേയരാക്കിയത്.**

**&&&&&&&&&&&&&&&&&&**

**IPL**

**ഐപിഎൽ ക്രിക്കറ്റിൽ ഇന്നത്തെ മത്സരത്തിൽ റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു, ചെന്നൈ സൂപ്പർ കിംഗ്സിനെ നേരിടുന്നു. ടോസ് നേടിയ ചെന്നൈ, ബെംഗളൂരുവിനെ ബാറ്റിംഗിനയച്ചു. ബെംഗളൂരു എം. ചിന്നസ്വാമി സ്റ്റേഡിയത്തിലാണ് മത്സരം.**

**&&&&&&&&&&&&&&&&&&**

**RAIN-KERALA**

**കേരളത്തിലെ വിവിധ ജില്ലകളിൽ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു.**

&&&&&&&&&&&&&&&&&&

**IMD WEATHER**

രാജ്യത്തിന്റെ വിവിധഭാഗങ്ങളിൽ അടുത്ത അഞ്ച് ദിവസം ശക്തമായ കാറ്റിനും ഇടിമിന്നലോട് കൂടിയ മഴയ്ക്കും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഉത്തർപ്രദേശ്, പഞ്ചാബ്, ഹരിയാന, ചണ്ഡിഗഢ്, രാജസ്ഥാൻ എന്നിവിടങ്ങളിൽ അതിശക്തമായ കാറ്റിനും ആലിപ്പഴ വർഷത്തിനും സാധ്യതയുണ്ട്.

&&&&&&&&&&&&&&&&&&

**FISHERMEN RELEASED**

തമിഴ്നാട് രാമേശ്വരം സ്വദേശികളായ 25 മത്സ്യത്തൊഴിലാളികളെ ശ്രീലങ്കൻ ജയിലിൽ നിന്നും മോചിപ്പിച്ചു. രാമേശ്വരത്തിന് സമീപം മീൻപിടിക്കുന്നതിനിടെ കഴിഞ്ഞ 23 നാണ് ഇവർ അറസ്റ്റിലായത്.

&&&&&&&&&&&&&&&&&&

**US-UKRAINE AID**

യുക്രെയ്നിനായി എഫ്-16 യുദ്ധവിമാന പരിശീലനം, 31 കോടി ഡോളറിന്റെ സഹായം എന്നിവയ്ക്ക് അമേരിക്ക അംഗീകാരം നൽകി. വിമാനങ്ങളുടെ
പരിഷ്കരണം, ഫ്ലൈറ്റ് പരിശീലനം, അറ്റകുറ്റപ്പണി തുടങ്ങിയവ
പാക്കേജിൽ ഉൾപ്പെടുന്നതായി പെന്റഗൺ അറിയിച്ചു. 2024 ഡിസംബറിൽ പ്രഖ്യാപിച്ച 26.64 കോടി ഡോളറിന്റെ പാക്കേജിന് പുറമേയാണ് ഇത്.

&&&&&&&&&&&&&&&&&&

**AUSTRALIA POLLS**

ഓസ്ട്രേലിയയിൽ പാർലമെന്റ് തിരഞ്ഞെടുപ്പിന്റെ വോട്ടെടുപ്പ് പൂർത്തിയായി. വോട്ടെണ്ണൽ
ആരംഭിച്ചു. പ്രതിനിധിസഭയിലെ 150 സീറ്റുകളിലും സെനറ്റിലെ 76 സീറ്റുകളിൽ 40 സീറ്റുകളിലുമാണ് വോട്ടെടുപ്പ് നടന്നത്.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

**&&&&&&&**
**&&&&&&**
**&&&&**
**&&&**
**&&**
**&**